പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 441 — 28.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, വി.റ്റി. ബൽറാം<br>,, എ.റ്റി. ജോർജ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) & (ബി) | ബി.പി.എൽ. ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ചിട്ടുണ്ട്.<br>1. 07.09.2011 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 209/11/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.<br>2. 18.08.2012 സർക്കാർ ഉത്തരവ് (കൈ) നമ്പർ 224/12/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.<br>3. 27.04.2012 സർക്കാർ ഉത്തരവ് (കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.<br>4. 23.11.2012 സർക്കാർ ഉത്തരവ് (കൈ) നമ്പർ 304/12/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ്.<br>എന്നിവയുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർനിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. (പകർപ്പുകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.) |
| (ബി) | പുനർനിശ്ചയിച്ച മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | | |
| (സി) | മാനദണ്ഡങ്ങൾ അനുസരിച്ച് ഏതെല്ലാം വിഭാഗങ്ങളെയാണ് ഒഴിവാക്കിയിട്ടുള്ളത്; വിശദമാക്കുമോ; | (സി) | അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ആരെയെല്ലാമാണ് പുതുക്കിയ മാന ദണ്ഡങ്ങൾ അനുസരിച്ച് ബി.പി. എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | അനുബന്ധം -3 ആയി ചേർത്തി രിക്കുന്നു. |

സെക്ഷൻ ഓഫീസർ

COMMISSIONERATE OF RURAL DEVELOPMENT
20 SEP 2011
THIRUVANANTHAPURAM

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ. സർവ്വേ-2009-പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച അധിക മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ)നം.209/2011/തസ്വഭവ — തിരുവനന്തപുരം, തീയതി, 07/09/2011

---

പരാമർശം:-1. സ.ഉ.(കൈ)നം.62/2009/തസ്വഭവ, തീയതി, 27/04/2009.
2. സ.ഉ.(കൈ)നം:16/2011/തസ്വഭവ, തീയതി: 14/01/2011.

## ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പു മുഖാന്തിരം സംസ്ഥാനത്ത് പുതിയ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനായി വിവരശേഖരണം നടത്തുന്നതിന് മേൽ പരാമർശം ഒന്ന് പ്രകാരവും ഇതിനുവേണ്ടിയുള്ള സൂചകങ്ങളും അവയുടെ വെയിറ്റേജും അംഗീകരിച്ചും മാനദണ്ഡങ്ങൾ നിശ്ചയിച്ചും മേൽ പരാമർശം രണ്ടു പ്രകാരവും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങളേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന അധിക മാനദണ്ഡം കൂടി ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പുഷ്പകുമാരി. ജി.,
അഡീഷണൽ സെക്രട്ടറി.

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
   (പഞ്ചായത്ത് ഡയറക്ടർ മുഖേന)

5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി.) വകുപ്പിന്.
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:-1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
4. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്.
5. ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്

സ.ഉ(കൈ) നം. 224/2012/തസ്വഭവ

തിരുവനന്തപുരം, തീയതി, 18.08.2012

പരാമർശം:- 1. 14.01.2011- ലെ സ.ഉ(കൈ) നം. 16/11/തസ്വഭവ
2. 07.09.2011- ലെ സ.ഉ(കൈ) നം. 209/11/തസ്വഭവ
3. 27.04.2012- ലെ സ.ഉ(കൈ) നം. 112/12/തസ്വഭവ

**ഉത്തരവ്**

പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഓർഫനേജുകൾ, വൃദ്ധ സദനങ്ങൾ വികലാംഗ സ്ഥാപനങ്ങൾ ഉടങ്ങി ഓർഫനേജ് കൺട്രോൾ ബോർഡിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന ക്ഷേമ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് 09.05.2012-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗതീരുമാനപ്രകാരം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണത്തിന്റെ ഭാഗമായി അരി, പഞ്ചസാര, ഗോതമ്പ് എന്നിവ നൽകുന്നതുൾപ്പെടെ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളെക്കൂടി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന അധിക മാനദണ്ഡം കൂടി ദാരിദ്ര്യ രേഖ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.കെ. മനോജ് കുമാർ
പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
( ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി.) വകുപ്പിന്. (25.07.2012 - ലെ ഇനം നമ്പർ 2013 പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- 1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. സാമൂഹ്യ ക്ഷേമ (സി) വകുപ്പ് (01.08.2012- ലെ 5927/സി1/12/സാ.ക്ഷേ.വ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*

കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- ബി.പി.എൽ.** ലിസ്റ്റ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ചു കൊണ്ട് **ഉത്തരവ്** പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(കൈ)നം. 112/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 27/04/2012**

---

**പരാമർശം:-** **സ.ഉ.(കൈ)നം.16/2011/തസ്വഭവ, തീയതി: 4/01/2011.**

**ഉത്തരവ്**

**പരാമർശ**ത്തിലെ സർക്കാർ ഉത്തരവ് പ്രകാരം **ബി.പി.എൽ.** ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾക്കും അവയുടെ വെയിറ്റേജിനും മാനദണ്ഡങ്ങൾക്കും അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**ബി.പി.എൽ.** ലിസ്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് പുറമേ താഴെ പറയുന്ന പ്രകാരം എപിഎൽ, ബിപിഎൽ മാനദണ്ഡങ്ങൾ പുനർ നിശ്ചയിച്ച് ഉത്തരവാകുന്നു.

**ബി.പി.എൽ.** പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കേണ്ടതാണ്:-

എ) സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
ബി) ആദായനികുതി കൊടുക്കുന്നവർ
സി) സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
ഡി) സ്വന്തമായി ആയിരം ചതുരശ്ര അടിക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
ഇ) നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ

മേൽ പറഞ്ഞ വിഭാഗങ്ങളെ ഒഴിവാക്കി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവരെ **ബി.പി.എൽ.** പട്ടികയിൽ ഉൾപ്പെടുത്തേണ്ടതാണ്:-

എ) ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
ബി) മാനസികവും ശാരീരികമായും വൈകല്യമുള്ളവർ
സി) 'ഓട്ടിസം' ബാധിച്ചവർ

ഡി) ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ
ഇ) എയ്ഡ്സ്, കാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും
എഫ്) പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും
ജി) മേൽപ്പറഞ്ഞവയ്ക്ക് വിരുദ്ധമല്ലാത്ത നിലവിലുള്ള മാനദണ്ഡങ്ങൾ തുടരുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
ജെയിംസ് വർഗ്ഗീസ്
**പ്രിൻസിപ്പൽ സെക്രട്ടറി.**

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും(സെക്രട്ടറിമാർ മുഖേന).
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
7. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
9. എല്ലാ ജില്ലാ കളക്ടർമാർക്കും.
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
11. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
12. എല്ലാ ജില്ലാ കുടുംബശ്രീ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.
13. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
14. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
15. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
16. പൊതുഭരണ (എസ്.സി) വകുപ്പിന് (ഇനം നം , തീയതി പ്രകാരം)
17. ഡയറക്ടർ, ഐ.കെ.എം.,(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**

പകർപ്പ്:- 1. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബി.പി.എൽ. സർവ്വെ 2009 - പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം. 304/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 23/11/2012

---

പരാമർശം:- 1. സ.ഉ.(കൈ) നമ്പർ 209/2011/തസ്വഭവ, തീയതി: 07/09/2011

2. ഗ്രാമവികസന കമ്മീഷണറുടെ 28/09/2012 - ലെ 9548/ഡി.പി.1/ 09/ഗ്രാ.വി.ക. നമ്പർ കത്ത്.

## ഉത്തരവ്

സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങളേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഒരു വീട്ടിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും, ഭർത്താവ്/ഭാര്യയും, പ്രായപൂർത്തിയാകാത്ത മക്കളും ഉൾപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ എ.പി.എൽ. കുടുംബമായും ആ കുടുംബത്തിലെ മറ്റംഗങ്ങളിൽ ആരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിലെ സ്ഥിരം ജോലിക്കാരല്ലെങ്കിൽ അവരെ ആ വീട്ടിലെ പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും പ്രസ്തുത ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട പ്രസ്തുത കുടുംബങ്ങളിലെ അംഗങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിൽ സ്ഥിരം ജോലി ലഭിക്കുമ്പോൾ സ്വമേധയാ ബി.പി.എൽ. പട്ടികയ്ക്ക് പുറത്താവുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഒരു വീട്ടിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും, ഭർത്താവ്/ഭാര്യയും പ്രായപൂർത്തിയാകാത്ത മക്കളും ഉൾപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ എ.പി.എൽ. കുടുംബമായും ആ കുടുംബത്തിലെ മറ്റംഗങ്ങളിൽ ആരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിലെ സ്ഥിരം ജോലിക്കാരല്ലെങ്കിൽ അവരെ ആ വീട്ടിലെ പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ.

വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു. പ്രസ്തുത ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിൽ സ്ഥിരം ജോലി ലഭിക്കുമ്പോൾ സ്വമേധയാ ബി.പി.എൽ. പട്ടികയ്ക്ക് പുറത്താവുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി പരാമർശം (1) ലെ ഉത്തരവ് ഭേദഗതിവരുത്തി ഉത്തരവാകുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
ടി.ജെ. മാത്യു,
സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
8. എല്ലാ ജില്ലാ കളക്ടർമാർക്കും.
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
10. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
11. എല്ലാ ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർമാർക്കും.
12. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
13. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
14. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
15. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

1. സർക്കാർ ജീവനക്കാർ ഉള്ള കുടുംബം (ക്ലാസ്സ് 1 മുതൽ ക്ലാസ്സ് 4 വരെ).
2. സ്വകാര്യ/അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം.
3. സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർ ഉള്ള കുടുംബം.
4. സർക്കാർ/ സർവ്വീസ് പെൻഷണർമാർ ഉള്ള കുടുംബം.
5. അർദ്ധ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കുന്നവർ ഉള്ള കുടുംബം.
6. സഹകരണ സ്ഥാനങ്ങളിലെ പെൻഷണർമാർ ഉള്ള കുടുംബം.
7. പൊതുമേഖല/പ്രൈവറ്റ് സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉള്ള കുടുംബം.(പരമ്പരാഗത തൊഴിൽ മേഖലയിലെ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ).
8. 1000 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള കോൺക്രീറ്റ് വീട് ഉടമസ്ഥാവകാശത്തിലുള്ള കുടുംബം.
9. സ്വകാര്യ ഉപയോഗത്തിനുള്ള നാല് ചക്ര മോട്ടോർ വാഹനം ഉടമസ്ഥതയിലുള്ള കുടുംബം.
10. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ ഉള്ള കുടുംബം.
11. പട്ടിക വർഗ്ഗക്കാരൊഴികെ ഒരേക്കറിൽ അധികം കാർഷിക ഭൂമി കൈവശത്തിലുള്ള കുടുംബം.

കൂടാതെ 27.04.2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 112/12/ത.സ്വ.ഭ.വ ~~സർക്കുലർ~~ അനുസരിച്ച് താഴെ പറയുന്ന വിഭാഗക്കാരേയും ബി.പി.എൽ പട്ടികയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

1. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.
2. ആദായ നികുതി ഒടുക്കുന്നവർ.
3. സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ
4. സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്ക്മേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ
5. നാലുചക്രവാഹനം സ്വന്തമായി ഉള്ളവർ.

Dey

അനുബന്ധം 3

1. സർക്കാർ, അർദ്ധ സർക്കാർ ജീവനക്കാർ ഒഴികെയുള്ള എല്ലാ പട്ടിക വർഗ്ഗക്കാരും
2. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാനങ്ങളിലെ അന്തേവാസികൾ.
3.

എ. ആശ്രയ പദ്ധതിയിൽ അംഗങ്ങളായവർ.

ബി. മാനസികവും, ശാരീരികവുമായ വൈകല്യമുള്ളവർ.

സി. ഓട്ടിസം ബാധിച്ചവർ.

ഡി. ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ.

ഇ. എയ്ഡ്സ്, ക്യാൻസർ രോഗികൾ.

എഫ്. ഡയാലിസിസ്സിന് വിധേയരായവർ.

ജി. പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവർ, ശരീരം തളർന്ന് ശയ്യാലംബരായവർ.

എന്നിവരെയാണ് പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.